**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 354** **18-07-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നത് നിർത്തുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിക്കുമ്പോഴും നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്ര സർക്കാർ ജനങ്ങളിൽ നിന്ന് നഷ്ടപരിഹാര സെസ്സ് ഈടാക്കുന്നത് തുടരുന്നുണ്ടോ എന്ന് അറിയിക്കാമോ; | (എ) | ജി.എസ്.ടി. കോമ്പൻസേഷൻ സെസ് 2026 മാർച്ച് 31 വരെ തുടരാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ നൽകുന്നതിനായി കേന്ദ്ര സർക്കാർ എടുത്ത വായ്പകളുടെ തിരിച്ചടവിനുവേണ്ടിയാണ് സെസ് ഈടാക്കുന്നത് തുടരുന്നത് എന്നാണ് ജി.എസ്.ടി. കൗൺസിലിൽ അറിയിച്ചിട്ടുള്ളത്. |
| (ബി) | ജി.എസ്.ടി. നിയമത്തിന്റെ പൊതു ചട്ടക്കൂടിനകത്ത് നിന്നുകൊണ്ട് സംസ്ഥാന ജി.എസ്.ടി. നിരക്കിൽ മാറ്റം വരുത്താനും നടപടി ക്രമങ്ങളിൽ ഭേദഗതി വരുത്താനും ഇത് സംബന്ധിച്ചുണ്ടായ സുപ്രീംകോടതി വിധി അവകാശം നല്കുന്നുണ്ടോ; | (ബി) | ബഹുമാനപ്പെട്ട സുപ്രീം കോടതി 19.05.2022 തീയതിയിൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ വെളിച്ചത്തിൽ നിലവിലെ സ്ഥിതിയിൽ നിന്നും മാറ്റം വരുത്തി സംസ്ഥാനത്തിന് മാത്രമായി നികുതി കാര്യങ്ങളിൽ തീരുമാനം എടുക്കാൻ കഴിയുമോ എന്ന വിഷയം പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്. |
| (സി) | സംസ്ഥാനത്ത് ജി.എസ്.ടി. നികുതി ചോർച്ച ഒഴിവാക്കുന്നതിന് നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയുള്ള ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (സി) | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഓഡിറ്റ് സംവിധാനം ജി.എസ്.ടി. നിയമത്തിന് അനുസൃതമായി കൂടുതൽ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുവേണ്ടി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. വിവര സാങ്കേതിക വിദ്യ കൂടുതലായി ഉപയോഗിച്ച് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനലിറ്റിക്സിലൂടെ ക്രോഡീകരിച്ച് അനലിറ്റിക്കൽ ഇൻസൈറ്റ് റിപ്പോർട്ട് മുഖേന തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ചെക്പോസ്റ്റില്ലാതായത് ഐ.ജി.എസ്.ടി. | (ഡി) | ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയത് ജി.എസ്.ടി.- |

| | | | |
|---|---|---|---|
| | വരുമാനത്തെ ബാധിക്കുന്നുണ്ടോയെന്നും ബദൽ പരിശോധന സംവിധാനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | | യുടെ തുടക്കത്തിൽ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ടെങ്കിലും തുടർന്ന് ഇ-വേ ബിൽ സംവിധാനം കൊണ്ടുവന്നതിലൂടെ ഒരു പരിധി വരെ നികുതി വെട്ടിപ്പ് തടയുവാൻ കഴിഞ്ഞു. ഇ-വേ ബിൽ പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനത്ത് Automatic Number Plate Recognition (ANPR) നടപ്പിലാക്കി. ഇതിലൂടെ ഇ-വേ ബിൽ ഇല്ലാതെ സംസ്ഥാനത്തിനകത്തേക്ക് പ്രവേശിക്കുന്ന ചരക്കുവാഹനങ്ങളുടെ വിവരം തത്സമയം SMS അലെർട്ട് മുഖേന വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുകയും അത്തരം വാഹനങ്ങൾ ഉടൻ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. ANPR സംവിധാനം സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിലും സംസ്ഥാനത്തിനകത്തും കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിൽ സ്ഥാപിച്ചിട്ടുള്ള ANPR സംവിധാനം കൂടുതൽ കാര്യക്ഷമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇത്തരം സംവിധാനങ്ങൾ നടപ്പാക്കുകവഴി ചെക്ക് പോസ്റ്റുകൾ ഇല്ലാതായതുമൂലം ഉണ്ടായ നികുതി വെട്ടിപ്പ് പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. പരിശോധനകൾ കൂടുതൽ കർശനമാക്കുന്നത് മൂലം ചരക്ക് കൈമാറ്റങ്ങൾ കണക്കിൽപ്പെടുത്തുന്നതിന്റെ തോത് കൂടുകയും നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ